# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.T 1449 16/03/15-ലെ മറുപടിക്ക്

| *ചോദ്യം* | *ഉത്തരം* |
|---|---|
| **ശ്രീ.ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ .എ.പി.അബ്ദുള്ളക്കുട്ടി**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. എം.എ. വാഹീദ്** | **ശ്രീ. കെ.എം.മാണി**<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി |

### ധനകാര്യ കമ്മീഷൻ മുൻപാകെ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| (എ)<br>പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ ; | സംസ്ഥാനങ്ങളുടെ നികുതി വിഹിതം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് എന്നിവ സംബന്ധിച്ച ശുപാർശകൾ കേന്ദ്ര സർക്കാർ പൂർണ്ണമായും അംഗീകരിച്ചിട്ടുണ്ട്. ദുരന്ത നിവാരണത്തിനുള്ള ഗ്രാന്റ് സംബന്ധിച്ച ശുപാർശ ചില ഭേദഗതികളോടെ അംഗീകരിച്ചിട്ടുണ്ട്. റവന്യൂ കമ്മി ഗ്രാന്റ് തത്ത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. മറ്റ് ശുപാർശകൾ ഉചിതമായ സമയത്ത് പരിശോധിച്ച് തീരുമാനിക്കുമെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി)<br>ധനകാര്യ കമ്മീഷന് മുൻപിൽ സംസ്ഥാനം എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത് ; | സംസ്ഥാന സർക്കാർ പതിനാലാം ധനകാര്യ കമ്മീഷന് സമർപ്പിച്ച നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം നിലവിലുള്ള 32 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കണം.<br>2. മൂന്നു വർഷത്തിലേറെയായി നിലവിലുള്ള സെസ്സുകളും സർചാർജ്ജുകളും വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതത്തിന്റെ പരിധിയിൽ കൊണ്ടു വരണം.<br>3. കേന്ദ്ര റവന്യൂ വരുമാനത്തിൽ വിവിധ ഇളവുകൾക്കായി മാറ്റിവയ്ക്കുന്ന തുകയുടെ **(Revenue foregone)** തോത് മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ നിലവിലുള്ള 6 ശതമാനത്തിൽ നിന്നും 3 ശതമാനമായി കുറക്കണം.<br>4. സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കാവുന്ന നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള |

| | |
|---|---|
| | മാനദണ്ഡത്തിൽ ജനസംഖ്യക്ക് (1971 ലെ) മുൻതൂക്കം നൽകണം. വനം, ജനസംഖ്യയിലെ വൃദ്ധരുടെ എണ്ണം, നഗരവൽക്കരണം, യഥാർത്ഥ ജനസാന്ദ്രത എന്നിവ കൂടി കണക്കിലെടുത്തുകൊണ്ട് ജനസംഖ്യയെ ക്രമപ്പെടുത്തണം.<br>5. മുൻകാല കേന്ദ്ര വായ്പകളും അതിന്മേലുള്ള പലിശയും എഴുതി തള്ളണം.<br>6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം സംസ്ഥാങ്ങൾക്കായി വിഭജിക്കാവുന്ന നികതി വിഹിതത്തിന്റെ 5 ശതമാനമായി വർദ്ധിപ്പിക്കണം.<br>7. യഥാർത്ഥ വരുമാന കമ്മി (Effective Revenue Deficit) (മൂലധന ആസ്ഥികൾ വർദ്ധിപ്പിക്കുന്നതിനുള്ള ഗ്രാന്റ് കഴിച്ചുള്ള അറ്റ റവന്യൂ കമ്മി) ഒരു fiscal indicator ആയി പരിഗണിക്കപ്പെടണം.<br>8. റവന്യൂ കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 1.5% ആയി നിജപ്പെടുത്തികൊണ്ട് ധന ഉത്തരവാദിത്ത നിയമത്തിലെ ലക്ഷ്യം പുന:ക്രമീകരിക്കുകയും ആയത് 5 വർഷത്തിലൊരിക്കൽ അവലോകനം നടത്തേണ്ടതുമാണ്.<br>9. വന വിഭവങ്ങളിൽ നിന്നുള്ള വരുമാന നഷ്ടവും, ഉയർന്ന കാർബൺ നിക്ഷേപവും കണക്കിലെടുത്തുകൊണ്ട് വന സംരക്ഷണ പ്രവർത്തനങ്ങൾക്കായി കേരളത്തിന് അർഹമായ സാമ്പത്തിക സഹായം നൽകണം.<br>10. ചതുപ്പ് നിലങ്ങളുടെ സംരക്ഷണത്തിനും തീരദേശ പരിപാലനത്തിനും വേണ്ടത്ര പരിഗണന നൽകണം.<br>11. പദ്ധതിയേതര റവന്യൂ കമ്മി നികത്തുന്നതിന് ഭരണഘടനയുടെ അനുഛേദം 275 പ്രകാരമുള്ള ഗ്രാന്റ് അനുവദിക്കണം. കൂടാതെ സംസ്ഥാനത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 15575 കോടി രൂപയുടെ ധന സഹായം ഭരണഘടനയുടെ അനുഛേദം 275 പ്രകാരം അനുവദിക്കണം.<br>12. സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിലെ നിലവിലെ വിഹിതം 30% കണ്ട് |

| | |
|---|---|
| | വർദ്ധിപ്പിക്കുകയും നിവാരണ ഫണ്ടിലെ കേന്ദ്ര വിഹിതം നിലവിലെ 75% ൽ നിന്നും 90% ആയി വർദ്ധിപ്പിക്കുകയും ചെയ്യണം. |
| (സി)<br>സംസ്ഥാനം ഉന്നയിച്ച ഏതെല്ലാം ആവശ്യങ്ങളാണ് ധനകാര്യ കമ്മീഷന്റെ ശുപാർശയിൽ ഉള്ളത് ; | 1. സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം നിലവിലുള്ള 32 ശതമാനത്തിൽ നിന്നും 42 ശതമാനമായി ഉയർത്തിയിട്ടുണ്ട്. ഇതിന്റെ 2.5 % തുക (സർവ്വീസ് ടാക്സ് ഒഴികെ) കേരളത്തിന് ശുപാർശ ചെയ്തിട്ടുണ്ട്.<br>2. സംസ്ഥാനങ്ങൾക്കിടയിൽ നികുതി വിഭജിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ജനസംഖ്യക്ക് (1971 അടിസ്ഥാനമാക്കിയുള്ള) മുൻതൂക്കം നൽകണമെന്നും ജനസംഖ്യയോടൊപ്പം വനപ്രദേശംകൂടികണക്കിലെടുക്കണമെന്നും കേരളം ആവശ്യപ്പെട്ടിരുന്നു. എന്നാൽ 1971 ലെ ജനസംഖ്യക്ക് 17.5% വെയിറ്റേജ് മാത്രമാണ് നൽകിയിട്ടുള്ളത്. വനവിസ്തൃതി ഒരു മാനദണ്ഡമായി പരിഗണിക്കുകയും അതിന് 7.5% വെയിറ്റേജും നൽകിയിട്ടുണ്ട്. ധന അച്ചടക്കം നികുതി കാര്യക്ഷമത (Tax effort) എന്നിവ മാനദണ്ഡമാക്കരുതെന്ന കേരളത്തിന്റെ ആവശ്യം അംഗീകരിച്ചിട്ടുണ്ട്.<br>3. റവന്യൂ കമ്മി ഗ്രാന്റായി കമ്മീഷന്റെ ആദ്യ മൂന്നു വർഷത്തേക്ക് 9519 കോടി രൂപ ശുപാർശ ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 7681.95 കോടി രൂപയും ദുരന്ത നിവാരണത്തിന് 764.25 കോടി രൂപയും 2015-20 കാലയളവിൽ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്.<br>4. ദുരന്ത നിവാരണ ഫണ്ടിലെ കേന്ദ്ര വിഹിതം നിലവിലെ 75 ശതമാനത്തിൽ നിന്നും 90 ശതമാനമായി വർദ്ധിപ്പിക്കണമെന്ന സംസ്ഥാന ആവശ്യം ധനകാര്യ കമ്മീഷൻ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഈ ശുപാർശ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല. GST നടപ്പിലാക്കിയതിനു ശേഷം ഈ ശുപാർശ പൂർണ്ണമായും നടപ്പിലാക്കുമെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) സംസ്ഥാനം ഉന്നയിച്ച മുഴുവൻ ആവശ്യങ്ങളും നേടിയെടുക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ? | പതിനാലാം ധനകാര്യ കമ്മീഷൻ സമർപ്പിച്ച നിവേദനത്തിൽ ഉൾപ്പെട്ടുത്തിയതും എന്നാൽ പരിഗണിക്കപ്പെടാത്തതുമായ എല്ലാ ആവശ്യങ്ങളും കേന്ദ്ര സർക്കാരിനു മുന്നിൽ വീണ്ടും ഉന്നയിച്ച് നേടിയെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ